LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ പരമ്പരാഗതമായി പ്രസവശുശ്രൂഷയുമായി ബന്ധപ്പെട്ട് സേവനം നടത്തിവരുന്നത് പട്ടികജാതി-പട്ടികവിഭാഗത്തിൽപ്പെട്ട വനിതകളാണ്. ഇവരെ 'ദായിമാർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവരുടെ പാരമ്പര്യമായ തൊഴിൽ പരിഗണിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലുണ്ടാകുന്ന ചില പ്രത്യേക തസ്തികകളിലേയ്ക്ക് ഇതിനുമുൻപ് ഗവണ്മെന്റ് നിയമനം നടത്തിയിട്ടുണ്ട്. 1984-ൽ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർക്കുള്ള ഒഴിവുകൾ നികത്തുന്നതിൽ ഒരു നിശ്ചിത ശതമാനം ഇവർക്കുവേണ്ടി നീക്കിവയ്ക്കുകയുണ്ടായി. ഇപ്പോഴും ഈ മേഖലയിൽ പണിയെടുക്കുന്ന വളരെയധികം സ്ത്രീകൾ നമ്മുടെ വടക്കൻ ജില്ലകളിലുണ്ട്. പ്രത്യേകിച്ചും മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ. അവരുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഇവരെ ഒരു പ്രത്യേക വിഭാഗമായി കണ്ട് അവർക്ക് വാർദ്ധക്യകാലപെൻഷനും, കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നതിനെ സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ഗവണ്മെന്റിന്റെ മുമ്പിൽ വന്നിട്ടുണ്ട്. 1984-ൽ പുറപ്പെടുവിച്ച ഗവണ്മെന്റ് ഉത്തരവ് അനുസരിച്ചുതന്നെ ഇതുപോലുള്ള പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരുടെ നിയമനക്കാര്യത്തിലും ഇവർക്ക് പുനർനിയമനം നൽകുന്ന കാര്യത്തിലും ഗവണ്മെന്റ് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ പ്രസവസംബന്ധമായ ശുശ്രൂഷയ്ക്ക് സഹായിക്കുന്നതിന് ഇന്നത്തെ രീതിയിൽ പരിശീലനം ലഭിച്ചിട്ടുള്ള സ്റ്റാഫിന്റെയൊക്കെ അഭാവമുള്ള കാലത്ത് അവരെ സഹായിക്കുന്നതിനു വേണ്ടി ദായീസ് എന്ന പേരിലറിയപ്പെടുന്ന സ്ത്രീകൾ ജോലി ചെയ്തിരുന്നു. അവരെയും ഫാമിലി വെൽഫയർ പ്രൊമോട്ടർമാരെയും 1:1 എന്ന അനുപാതത്തിൽ കമ്മ്യൂണൽ റൊട്ടേഷൻ പരിഗണിച്ച് 1984-ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളിൽ ഡെയ്ലി വേജസിന് നിയമിക്കണമെന്ന് ഉത്തരവ് കൊടുക്കുകയുണ്ടായി. ഈ ഉത്തരവ് 1984-ൽ ഉള്ളതാണ്. ഇപ്പോൾ കൊല്ലം 24 ആയി. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുറെ ആളുകൾക്ക് നിയമനം കൊടുക്കുകയും ചെയ്തു. എന്നാൽ മലപ്പുറം ജില്ലയിലും മറ്റും ഇപ്പോഴും ദായിമാർ സേവനമനുഷ്ഠിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് കുറെ നിവേദനങ്ങൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ട്. 25.9.'84-ലെ സർക്കാർ ഉത്തരവനുസരിച്ച് നിയമനം നൽകാൻ അർഹതപ്പെട്ടവരായ ദായിമാർ ഇനിയും ഉണ്ടോയെന്ന് അന്വേഷിക്കാം. അവർക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാം. പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകണം എന്നത് പരിശോധിച്ച് പറയേണ്ട കാര്യമാണ്.

(13) സ്വയംതൊഴിൽ പദ്ധതിയിൽ വായ്പയ്ക്ക് അപേക്ഷ നൽകിയ ആലപ്പുഴ ജില്ലയിലെ സദാനന്ദൻ എന്ന ആളിന് വായ്പ നൽകാത്തത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തൊഴിലന്വേഷണം തന്നെ തൊഴിലാക്കേണ്ടിവന്ന ഒരു ഹതഭാഗ്യനായ ചെറുപ്പക്കാരന്റെ ദുഃഖകഥയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ആലപ്പുഴയിൽ ചേപ്പാട് സ്വദേശി എൻ.

സദാനന്ദൻ സ്വയംതൊഴിൽ കണ്ടെത്തൽ വായ്പയ്ക്കായി 12 വർഷത്തിനു മുമ്പ് ഒരു അപേക്ഷ കൊടുത്തു. 1987-ൽ കായംകുളം എംപ്ലോയ്മെന്റ് ഓഫീസർക്ക് അപേക്ഷ നൽകി. മേൽനടപടി നടത്തുന്നതിനുവേണ്ടി നാലുമാസക്കാലം അവിടെ കാത്തിരിക്കേണ്ടിവന്നു. നാലുമാസം കഴിഞ്ഞ് ഈ എംപ്ലോയ്മെന്റ് ഓഫീസിൽനിന്ന് അന്വേഷണത്തിനുവേണ്ടി ഇത് ചേപ്പാട് വില്ലേജ് ഓഫീസിലേയ്ക്ക് കൊടുത്തു. ഇത് അന്വേഷണം നടത്തുന്നതിനുവേണ്ടി ചേപ്പാട് ഓഫീസിൽ നാലുവർഷക്കാലം എടുത്തു. പ്രസ്തുത ഓഫീസിൽ നാലുവർഷക്കാലമാണ് ഇതിന്റെ പ്രാഥമികമായ അന്വേഷണം നടത്തിയത്. വില്ലേജ് ഓഫീസർക്കും കായംകുളം എംപ്ലോയ്മെന്റ് ഓഫീസർക്കുമെതിരെ കോടതിയിൽപോകുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ പ്രസ്തുത അന്വേഷണം പൂർത്തിയാക്കി അപേക്ഷ മടക്കി എംപ്ലോയ്മെന്റ് ഓഫീസിൽതന്നെ തിരിച്ചുകൊടുക്കുകയുണ്ടായി. വീണ്ടും അഞ്ചുമാസക്കാലം കഴിഞ്ഞ് മേൽനടപടികൾ വരാതിരുന്നതിനെത്തുടർന്ന് ഈ അപേക്ഷകൻ വീണ്ടും പരാതി കൊടുക്കുകയുണ്ടായി. 1993-ൽ സദാനന്ദൻ ഉപഭോക്തൃ തർക്കപരിഹാരകോടതിയിൽ വീണ്ടും പെറ്റിഷൻ കൊടുക്കുന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ മാറി. 1993-94-ലെ പദ്ധതിയിൽപ്പെടുത്തി അദ്ദേഹത്തിന് സഹായം നൽകുമെന്ന് ഉപഭോക്തൃ തർക്കപരിഹാരക്കോടതിയിൽ ഗവണ്മെന്റിനുവേണ്ടി ഇവർ അഫിഡവിറ്റും സമർപ്പിച്ചതാണ്. എന്നിട്ടും പരിഹാരമുണ്ടാകാതെ വന്നപ്പോൾ ഈ സാധുവായ തൊഴിലന്വേഷകൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് വീണ്ടും പരാതി കൊടുത്തു. എംപ്ലോയ്മെന്റ് ഓഫീസർക്ക് പരാതി കൊടുത്തിട്ട് പരിഹാരമുണ്ടാകാതെ വന്നപ്പോൾ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് പരാതി കൊടുത്തു. ഇതിന് മറുപടിയായി കിട്ടിയത് ഈ അപേക്ഷകന് പ്രതിമാസം 50 രൂപയിൽക്കൂടുതൽ വരുമാനമുള്ളതുകൊണ്ട് അപേക്ഷകൻ ഇതിന് അർഹനല്ലെന്നാണ്. മുറി ബീഡി വലിക്കാൻ ഇതിൽക്കൂടുതൽ കാശാകും. 50 രൂപയിൽക്കൂടുതൽ വരുമാനമുണ്ടെന്നുള്ളതിനാൽ ഈ ആളിന് സഹായം കൊടുക്കാൻ കഴിയുകയില്ലെന്ന് അറിയിക്കുകയുണ്ടായി. പരാതിക്കാരൻ നമ്മുടെ നിയമസഭാപെറ്റിഷൻസ് കമ്മിറ്റിക്ക് പരാതി കൊടുത്തു. പെറ്റീഷൻസ് കമ്മിറ്റി അത് പരിശോധിച്ചു. അതിനുശേഷം വ്യവസായവകുപ്പിനെ ചുമതലപ്പെടുത്തി. വ്യവസായവകുപ്പ് ചെയ്തത് ഇതിനേക്കാൾ രസകരമായ കാര്യമാണ്. വ്യവസായവകുപ്പിൽനിന്ന് ഈ പ്രതിസ്ഥാനത്ത് നിൽക്കുന്ന എംപ്ലോയ്മെന്റ് ഓഫീസർക്കുതന്നെ മേൽനടപടി എടുക്കുന്നതിനുവേണ്ടി വീണ്ടും അയച്ചുകൊടുക്കുകയാണുണ്ടായത്. അവസാനം പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ ചെയർപേഴ്സണായ ജസ്റ്റിസ് കുമാരി ജാനകിയമ്മയ്ക്ക് പരാതി കൊടുത്തു. ഒരു നീതിയും ലഭിച്ചിട്ടില്ല.

<u>മി. സ്പീക്കർ</u> : ഒരു പരാതി വീണ്ടും പെറ്റിഷൻസ് കമ്മിറ്റിക്ക് കൊടുക്കൂ. പരിഹാരം കാണും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നിശ്ചയമായും കൊടുക്കും. ഒരു വ്യാഴവട്ടക്കാലമായി. എങ്ങനെയെങ്കിലും ഈ സാധുവായ ആളിനെ രക്ഷിക്കണം. ജോസ് പനച്ചിപ്പുറമ്പിന്റെ 'തരംഗങ്ങൾ' എന്നു പറയുന്ന അനുഭവകഥകൾ എഴുതുന്ന മനോരമയിലെ ഒരു കോളത്തിനകത്ത് വളരെ ഗൗരവകരമായി ഇത് വന്നതാണ്. ഇത് പരിശോധിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. എ.സി. ഷൺമുഖദാസ്)</u> : സർ, 1988 മുതൽ 1993 വരെയുള്ള ചരിത്രമാണ് ഇവിടെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

1993-ലാണ് ഇത് പരിശോധിച്ച് തള്ളിയത്. 1993-ൽ 50 രൂപ വരുമാനമുള്ള വർക്ക് ഇതിന് അർഹതയില്ലായിരുന്നു. അദ്ദേഹത്തിന് കൂടുതൽ വരുമാനമുണ്ടായിരുന്നു. അദ്ദേഹത്തിന് വർക്ക്ഷോപ്പിൽ ജോലിയുണ്ടെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തള്ളിയത്. പിന്നീട് പെറ്റിഷൻസ് കമ്മിറ്റിയിലൊക്കെ വന്നു. 50 രൂപ മാസവരുമാനമുള്ളവർക്ക് കേരളത്തിൽ ആർക്കും ഈ സഹായം കിട്ടുകയില്ല. പിച്ചയെടുക്കുന്നവർക്കുമുണ്ടാകുമല്ലോ 50 രൂപ. അതു മാറ്റി പെറ്റിഷൻസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഇപ്പോൾ തീരുമാനമെടുത്തു. ഈവർഷം അതു സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24,000 രൂപ വരെ വാർഷികവരുമാനമുള്ളവർക്കും ഈ ആനുകൂല്യം കിട്ടും. ഇത് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ഈ വായ്പയ്ക്ക് അദ്ദേഹം അർഹനാണെങ്കിൽ അദ്ദേഹത്തിന് കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : അപ്പോൾ പ്രശ്നം പരിഹരിച്ചു.

(14) കേരള ഹെൽത്ത് സർവ്വീസസ് സ്വസ്ത് സംഘ് യൂണിയൻ നടത്തിയ സെക്രട്ടേറിയറ്റിന് മുന്നിലെ സമരം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കേരള ഹെൽത്ത് സർവ്വീസസ് മഹിളാ സ്വസ്ത് സംഘ് യൂണിയൻ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുകയാണ്. പഴയ നിയമസഭാമന്ദിരത്തിൽനിന്ന് ഇങ്ങോട്ടുവരുന്നതിനു മുൻപ് ഒരു ദിവസം സെക്രട്ടേറിയറ്റ് പടിക്കൽ മൂവായിരത്തോളം വരുന്ന സ്ത്രീകൾ 24 മണിക്കൂർ നീണ്ടുനിന്ന ഒരു അഖണ്ഡ സമരം നടത്തിയതു കണ്ട് അങ്ങുവരെ അത്ഭുതം പ്രകടിപ്പിച്ചത് മറന്നിട്ടുണ്ടാവുകയില്ല. അന്നത്തെ അതേ ആവശ്യങ്ങളുടെ പേരിലാണ് ഇപ്പോഴും സമരം നടത്തുന്നത്. അവർക്ക് രണ്ട് ആവശ്യങ്ങളാണുള്ളത്. ഒന്ന്, ഓണറേറിയം അനുവദിക്കുക. 2 വോളന്റിയർമാർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുക ഈ സംഘങ്ങളിലോരോന്നിലും പത്തു പതിനഞ്ച് സാമൂഹ്യപ്രവർത്തകരാണുള്ളത്. കേരളത്തിലാകെ 2200 സംഘങ്ങളുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സാണ് കൺവീനർ, ഫാമിലി വെൽഫെയർ സെന്ററുകളാണ് കേന്ദ്രം. പബ്ലിക് ഹെൽത്ത് സെന്ററിന്റെ കീഴിൽത്തന്നെയാണ് ഇത് പ്രവർത്തിച്ചുവരുന്നത്. സംഘം രൂപീകരിച്ചാൽ ഒരു ഹ്രസ്വകാല പരിശീലനം നൽകും. അതുകഴിഞ്ഞാൽ മാസത്തിലൊരിക്കൽ ഒരു തുടർപരിശീലനവും നൽകുന്നുണ്ട്. ഈ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കേരളാ ഹെൽത്ത് സർവ്വീസസ് മഹിളാ സ്വസ്ത് സംഘ് യൂണിയൻ എല്ലാ വർഷവും വാർഷികവും ജില്ലാതല സമ്മേളനവും ക്യാമ്പുകളുമൊക്കെ ഭംഗിയായി നടത്തുന്നുണ്ട്. അതിന്റെ പ്രസിഡന്റ് ഇ. തങ്കമണിയമ്മയും ജനറൽ സെക്രട്ടറി ആർ. തങ്കമണിയുമാണ്. അവർക്ക് പ്രവർത്തനസ്വാതന്ത്ര്യം കിട്ടുന്നതിനുവേണ്ടി ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുക, ഓണറേറിയം അനുവദിക്കുക എന്നീ രണ്ട് ആവശ്യങ്ങളും അനുവദിക്കണം. അതിൽ അനുകൂലമായിട്ട് തീരുമാനമെടുക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യമന്ത്രിക്ക് 7.4.'98-ലും 16.2.'99-ലും നമ്മുടെ ആരോഗ്യവകുപ്പുമന്ത്രി കത്തെഴുതി. പക്ഷെ ഒരു ഫലവും ഉണ്ടായിട്ടില്ല. ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിന് സർക്കാർ ഉത്തരവും ഇറക്കിയിട്ടില്ല. ഞാൻ, വേദനയോടുകൂടി ഒരു കാര്യം അറിയിക്കട്ടെ. ഏതോ ഒരു പുരുഷൻ പ്രസിഡന്റാണെന്നു പറഞ്ഞ് കേരള മഹിളാ സ്വസ്ത് സംഘ് യൂണിയന്റെ പേരിൽ ഏതാനും കാർഡുകൾ അച്ചടിച്ച് കോട്ടയം ജില്ലാ മെഡിക്കൽ

[11 A.M]

LIBRARY ARCHIVES Kerala Legislative Assembly